**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2123** **30-07-2021 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ പ്ലസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് ആദിവാസികൾക്കായി നടപ്പാക്കി വരുന്ന ട്രൈബൽ പ്ലസ് പദ്ധതിയിൽ വിതരണം ചെയ്യുവാനുള്ള വേതന കുടിശ്ശികയുടെ വിശദാംശം നൽകുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ ട്രൈബൽ പ്ലസ് പദ്ധതിയിൽ 2020-21 വർഷത്തിലെ കുടിശ്ശിക ഇനത്തിൽ 17.11 കോടി രൂപ അനുവദിക്കാനുണ്ടായിരുന്നു. 2021-22 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയ്ക്കായി അനുവദിക്കുന്ന ശീർഷകത്തിൽ നിന്നും 6.5.21 - ന് 5.00 കോടി രൂപ തൊഴിലുറപ്പ് മിഷൻ ഡയറക്ടർക്ക് അനുവദിച്ചു. ശേഷിക്കുന്ന 12.11 കോടി രൂപയിൽ 9 കോടി രൂപ അനുവദിച്ചുകൊണ്ട് 12.07.2021 -ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഉത്തരവായി. ശേഷിക്കുന്ന 3.11 കോടി രൂപ ധനവിനിയോഗ നിയന്ത്രണ മുള്ളതിനാൽ 2021 ജൂലൈ 31 - നുശേഷം മാറി നൽകുന്നതാണ്. |
| (ബി) | വേതനം സമയബന്ധിതമായി വിതരണം ചെയ്യാത്തതുമൂലം തൊഴിലുറപ്പ പദ്ധതിയിൽ നിന്നും ആദിവാസികൾ പിന്മാറുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ നൽകുന്നതിന് പുറമെ സംസ്ഥാന സർക്കാർ പട്ടികവർഗ്ഗക്കാർക്ക് ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ 100 ദിവസം തൊഴിൽ നൽകുന്നുണ്ട് |
| (സി) | എങ്കിൽ എത്രയും വേഗം കുടിശ്ശിക വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ